(സി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) 20-7-2000-ലെ ജി.ഒ.(ആർടി.) 838/2000/ഐ.ഡി. പ്രകാരം 2650-4200 എന്ന സ്കെയിൽ ആയിരുന്ന പ്രോജക്ട് മാനേജരുടെ ശമ്പളസ്കെയിൽ 3000-5000 ആയി പരിഷ്ക്കരിച്ചു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഇ) ഇക്കാര്യത്തെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ഒന്നും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

126 [2602] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കടബാധ്യത എത്രയാണ്; ഈ സംഖ്യ ആർക്കൊക്കെ കൊടുത്തു തീർക്കുവാനുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റാറ്റ്യൂട്ടറി ആയിട്ടുള്ള ബാധ്യതകൾ എത്രയാണ്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനും കാപ്പക്സിനുമായി സർക്കാർ ഏതൊക്കെ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ സംഖ്യ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കോർപ്പറേഷന്റെയോ കാപ്പക്സിന്റെയോ കൈവശം തോട്ടണ്ടിയുണ്ടോ; അത് ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കശുവണ്ടി കുത്തക സംഭരണം ഇല്ലാതായതുമുതൽ പ്രതിസന്ധി ആരംഭിച്ചിരുന്നുവെന്നത് ശരിയാണോ; എങ്കിൽ കശുവണ്ടി സംഭരണം സർക്കാർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) അന്താരാഷ്ട്ര മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെ നിലവാരം എങ്ങനെയാണെന്നും കയറ്റുമതിയിൽ ഇപ്പോഴത്തെ നമ്മുടെ നിലവാരം എങ്ങനെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഗവൺമെന്റിന് നൽകുവാനുള്ള തുക കൂടാതെ ബാങ്കുകൾക്ക് ഉദ്ദേശം 125 കോടി രൂപ നൽകുവാനുണ്ട്. കൂടാതെ കെ.എം.എം.എൽ.-ൽനിന്നും വായ്പയായി വാങ്ങിയ 7.4 കോടി രൂപയും കശുവണ്ടി ഇറക്കുമതി ചെയ്ത ഇനത്തിൽ 661532.98 യു.എസ്. ഡോളറും (ഏകദേശം 3 കോടി രൂപ) നൽകുവാനുണ്ട്.

(ബി) കോർപ്പറേഷനിൽനിന്നും 1997 വർഷം മുതൽ 2002 ഡിസംബർ വരെ റിട്ടയർ ചെയ്തിട്ടുള്ള ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകാൻ ഏകദേശം 17.5 കോടി രൂപ ബാധ്യതയുള്ളതാണ്. ഇതിലേയ്ക്ക് ഗവൺമെന്റ് 3 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 1997-98 വർഷത്തെ പർച്ചേസ് ടാക്സ് ഇനത്തിൽ 55.21 ലക്ഷം രൂപയും

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടയ്ക്കുവാനുണ്ട്. കൂടാതെ മുൻവർഷങ്ങളിലെ സെയിൽസ് ടാക്സ് സംബന്ധിച്ച കണക്കുകൾ തർക്കത്തിലായതിനാൽ ഇതു സംബന്ധിച്ച കണക്കുകളും തീർപ്പാകാതെ കിടക്കുകയാണ്.

(സി) 1. കാഷ്യൂ കോർപ്പറേഷൻ ജീവനക്കാർക്ക് 2001-ലെ ബോണസ് നൽകുന്നതിനായി 408 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. കോർപ്പറേഷൻ ഫാക്ടറികൾ തുറന്നു പ്രവർത്തനം പുനരാരംഭിക്കുന്നതിന് 31-3-2002-ൽ 1200 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുള്ളതാണ്. കോർപ്പറേഷന്റെ ബാങ്ക് ബാധ്യത തീർത്ത് തുടർച്ചയായി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ ഈ തുക നാളിതുവരെ വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ തുകയിൽനിന്നും ഗവൺമെന്റ് നിർദ്ദേശാനുസരണം 2002-ലെ ബോണസ് നൽകുന്നതിലേയ്ക്ക് 1.74 കോടി രൂപ പിൻവലിച്ചിട്ടുള്ളതും ഇതിൽ 60 ലക്ഷം രൂപ കാപ്പെക്സിന് നൽകിയിട്ടുള്ളതുമാണ്.

3. കോർപ്പറേഷൻ ഫാക്ടറികളിലെ റിട്ടയർ ചെയ്ത തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കശുവണ്ടി വ്യവസായ സംരക്ഷണ ഫണ്ടിൽനിന്ന് 3 കോടി രൂപ അനുവദിച്ചു. ഇത് ഉപയോഗിച്ച് 2002 ജൂലൈ മാസം 15-ാം തീയതി കാപ്പെക്സിന്റെ കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിച്ചു തുടങ്ങി. കൂടാതെ സേഫ്റ്റിനെറ്റിൽ ഉൾപ്പെടുത്തി 1.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2002 വർഷത്തിലെ ബോണസ് നൽകുന്നതിന് 60 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ഉപയോഗിച്ച് ഫാക്ടറികൾ പുനരാരംഭിക്കുകയും പി.എഫ്., ഇ.എസ്.ഐ., ആർ.ഡബ്ലിയു.എഫ്. ഉൾപ്പെടെയുള്ള മുൻകാല കുടിശ്ശികകൾ ഘട്ടംഘട്ടമായി അടച്ചുവരുന്നു.

(ഡി) കോർപ്പറേഷന്റെ കൈവശം നിലവിൽ തോട്ടണ്ടി സ്റ്റോക്കില്ല. തോട്ടണ്ടി വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കാപ്പെക്സിന്റെ കൈവശം ഇപ്പോൾ 120 മെട്രിക്ടൺ തോട്ടണ്ടിയുണ്ട്. ആഗസ്റ്റ് മാസം എത്തിച്ചേരുന്ന വിധത്തിൽ 300 മെട്രിക്ടൺ തോട്ടണ്ടിയുടെ ഇറക്കുമതിക്കായുള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ഇ) കശുവണ്ടി കുത്തക സംഭരണമുള്ളപ്പോൾ കോർപ്പറേഷൻ ഫാക്ടറികളുടെ ലൈസൻസ് സ്ട്രെങ്ത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സംഭരിക്കുന്ന തോട്ടണ്ടിയുടെ ഒരു ഭാഗം കോർപ്പറേഷനും ലഭിച്ചിരുന്നു. കുത്തക സംഭരണം ഇല്ലാത്തപ്പോൾ കോർപ്പറേഷൻ ആഭ്യന്തര വിപണിയിൽനിന്നും നേരിട്ട് തോട്ടണ്ടി വാങ്ങുന്നു.

(എഫ്) 2002 മാർച്ച് മാസത്തിനുശേഷം കേരള കശുവണ്ടി വികസന കോർപ്പറേഷൻ കശുവണ്ടി പരിപ്പ് കയറ്റുമതി ചെയ്തിട്ടില്ല. കാപ്പക്സ് കയറ്റുമതി നടത്തുന്നുണ്ട്. ലോകമാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെ വില വളരെ താഴുകയും വില നിലവാരത്തിൽ ഏറ്റക്കുറ്റച്ചിൽ ഉണ്ടായിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly